# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.167 (a)/2025 തിരുവനന്തപുരം, തീയതി: 30.07.2025**


# പത്രക്കുറിപ്പ്

## “ഭാഷയ്ക്കൊരു ഡോളർ - 2025“ പുരസ്കാര സമർപ്പണം

അമേരിക്കൻ മലയാളിസംഘടനകളുടെ കൂട്ടായ്മയായ ‘ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക’ (ഫൊക്കാന) യുടെ ‘ഭാഷയ്ക്കൊരു ഡോളർ’ എന്ന മാതൃഭാഷയെ ആദരിക്കൽ പദ്ധതിയുമായി സഹകരിച്ച് കേരള സർവകലാശാല ഏർപ്പെടുത്തിയ 2023 ലെ മികച്ച മലയാള ഗവേഷണ പ്രബന്ധമായി ബിന്ദു ജോണിന്റെ ‘നളചരിതം ആട്ടക്കഥ – ഒരു മനോവിജ്ഞാനീയപഠനം’ എന്ന പ്രബന്ധവും, 2024 ലെ മികച്ച മലയാള ഗവേഷണ പ്രബന്ധമായി ഇന്ദുലേഖ കെ.എസ്. ന്റെ ‘ശില്പകലയും സംസ്കാരചരിത്രവും: കേരളത്തിലെ മാതൃകകൾ മുൻനിർത്തിയുള്ള പഠനം’ എന്ന പ്രബന്ധവും അർഹമായി. 50,000 (അമ്പതിനായിരം) രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. പ്രബന്ധം സർവകലാശാല പ്രകാശനവിഭാഗം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കും. കേരളത്തിലെ എല്ലാ സർവകലാശാലകളിൽ നിന്നും അയച്ചുകിട്ടിയ ഗവേഷണ പ്രബന്ധങ്ങളിൽ നിന്നാണ് പുരസ്കാരം കിട്ടിയ പ്രബന്ധങ്ങൾ തെരഞ്ഞെടുത്തത്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ മലയാള വിഭാഗം വകുപ്പ് മേധാവി പ്രൊഫ. (ഡോ.) എം. കൃഷ്ണൻ നമ്പൂതിരി, കേരളസർവകലാശാല മലയാള വിഭാഗം പ്രൊഫസർ ഡോ. കെ.കെ. ശിവദാസ്, കേരള കേന്ദ്ര സർവകലാശാലയിലെ മലയാള വിഭാഗത്തിലെ പ്രൊഫ. രാജീവ് വി. എന്നിവരടങ്ങുന്ന സമിതിയാണ് പുരസ്കാരനിർണ്ണയം നടത്തിയത്. 2025 ആഗസ്റ്റ് 2 ന് കുമരകം ഗോകുലം ഗ്രാന്റ് റിസോർട്ടിൽ വച്ച് ഉച്ചയ്ക്ക് 1 മണിക്ക് നടക്കുന്ന ചടങ്ങിൽ ബഹു. കേരള ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, ഡിഫറന്റ് ആർട്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഗോപിനാഥ് മുതുകാട്, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഷിജുഖാൻ ജെ. എസ്., ശ്രീ. ആർ. രാജേഷ് എന്നിവർ പങ്കെടുക്കും.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**